പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

<u>ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി</u>

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2974

20.06.2014 ൽ മറുപടിക്ക്

| ചോദ്യം. | | ഉത്തരം. | |
|---|---|---|---|
| ശ്രീ.പി.ശ്രീരാമകൃഷ്ണൻ | | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) | |
| (എ) | ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ 2014 മാർച്ച് 31 വരെ എത്ര തൊഴിലാളികളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത് ; | (എ) | തൊഴിലുറപ്പ് പദ്ധതിയിൽ 2014 മാർച്ച് 31 വരെ, 2840380 കുടുംബങ്ങളിൽ നിന്നുള്ള 4481460 തൊഴിലാളികളാണ് കേരളത്തിൽ രജിസ്റ്റർ ചെയ്തിരിക്കുന്നത്. |
| (ബി) | കൃഷിപ്പണികളെ തൊഴിലുറപ്പ് പദ്ധതി യിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ടോ; | (ബി) | കൃഷിപ്പണികൾ ഉൾപ്പെടെയുള്ള ആവർത്ത നസ്വഭാവമുള്ള പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതിയിൽ നിന്ന് ഒഴിവാക്കിയിട്ടുണ്ട്. |
| (സി) | ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ? | (സി) | കേന്ദ്രസർക്കാർ, 03.01.2014 ലെ എസ്.ഒ. 19 (ഇ) നമ്പർ വിജ്ഞാപനപ്രകാരം, ഭേദഗതി വരുത്തിയ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമത്തിലെ പട്ടിക 1 ൽ പ്രകടമല്ലാത്തതും, അളന്ന്തിട്ടപ്പെടു ത്താൻ കഴിയാത്തതുമായ പ്രവൃത്തികളും, പുല്ല്നീക്കം ചെയ്യൽ, കല്ല് നീക്കം ചെയ്യൽ, കാർഷിക പ്രവൃത്തികൾ മുതലായ ആവർത്തനസ്വഭാവമുള്ള പ്രവൃത്തികളും തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടു ക്കാൻ പാടില്ലായെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ